# മാടിവിളിക്കുന്നു

**ഉദ്യോഗാർത്ഥം വിദേശത്തേക്ക് - 7**

**മധുനായർ**



യു.എസ്.എ.യിലെ ഭാരതീയരുടെ എണ്ണം പത്തുലക്ഷത്തോളമാകുന്നു. അതോടൊപ്പം അഭിഭാഷകരുടെ ആവശ്യവും വർധിച്ചിരിക്കുന്നു. പാതിരിയും വക്കീലുമൊക്കെ സ്വന്തം നാട്ടുകാരനായിരിക്കുന്നതിൽ ഒന്നാംതലമുറ കുടിയേറ്റക്കാരെങ്കിലും സൗകര്യം കാണുന്നു.

അമേരിക്കയിൽ ലോ കോളേജിൽ നിന്നു പഠിത്തം പൂർത്തിയാക്കിയതുകൊണ്ട് വക്കീലാകണമെന്നില്ല. ബാറിലേക്കുള്ള പ്രവേശനം ഒരു പരീക്ഷമൂലം നിയന്ത്രിക്കുന്നു. പരീക്ഷക്കിരിക്കുന്നവരിൽ അമ്പതു ശതമാനത്തിലധികം ഒരിക്കലും പാസാകാറില്ല. ക്വാളിറ്റി കൺട്രോളിനായുള്ള ഇങ്ങനെയൊരു കടമ്പ വക്കീൽജോലിയുടെ അന്തസ്സും വരുമാനസാധ്യതകളും വളരെ വർധിപ്പിച്ചു.

ഇന്ത്യയിലിന്നും നിയമബിരുദധാരിയായാൽ ബാർ കൗൺസിലിൽ പ്രവേശനം നിഷേധിക്കപ്പെടുന്നത് അപൂർവമാണല്ലൊ. അഞ്ചു കൊല്ലക്കാലത്തെ ഇന്ത്യൻ ബാറിലെ പരിചയം മാത്രം മതിയായിരുന്നു ന്യൂയോർക്ക് തുടങ്ങിയ സ്റ്റേറ്റുകളിൽ ബാർ ലൈസൻസു കിട്ടുവാൻ. ഈ ഗ്രാൻഡ് ഫാദർ ക്ലാസ്സിപ്പോൾ നിറുത്തിക്കഴിഞ്ഞു. ഇന്ത്യയിൽ നിന്നെത്തുന്ന വക്കീലന്മാർ അമേരിക്കയിലെ ബാർ പരീക്ഷ ഒരു വലിയ കടമ്പയായിത്തന്നെ കാണുന്നു. യു.എസിലെ നിയമങ്ങളിലുള്ള അറിവ് ഇന്ത്യയിൽ പഠിച്ചതുകൊണ്ട് പൂർണമാകുന്നില്ല.

ഡോക്ടർമാരെയും ഡന്റിസ്റ്റുകളെയും അപേക്ഷിച്ച് വക്കീലന്മാർക്ക് നിയമപഠനം തുടരുവാൻ യു.എസ്സിൽ വലിയ തടസ്സമൊന്നുമില്ല. ഏറ്റവും എളുപ്പം ചേരാവുന്ന ഒരു കോഴ്സാണ് കമ്പാരറ്റീവ് ലൊ. ഭിന്നരാജ്യങ്ങളിലെ നിയമവ്യവസ്ഥിതികളുടെ താരതമ്യപഠനം ജോലിസാധ്യതകളുടെ കാര്യത്തിൽ വളരെ ആകർഷകമല്ലാത്തതിനാൽ സ്വദേശി നിയമവിദ്യാർഥികളെ അത്ര ആകർഷിക്കുന്നില്ല. മറ്റു വിദേശവിദ്യാർഥികൾക്ക് തുടക്കത്തിൽ സ്വപ്നമായി മാത്രം കാണാവുന്ന ഹാർവേഡ്, എയിൽ തുടങ്ങിയ ഐവി ലീഗുസർവകലാശാലകൾ നിയമം പഠിച്ചവർക്ക് എളുപ്പത്തിൽ കയറിപ്പറ്റാവുന്ന തരത്തിലായിരിക്കുന്നു.

ഏതു വിധേനയും ബാർ ലൈസൻസ് നേടാനൊത്താൽ സജീവമായി പ്രാക്ടീസ് ചെയ്യില്ലായെങ്കിൽകൂടി നല്ലൊരു വരുമാനമാർഗം തുറന്നുകിട്ടുന്നു. വസ്തു—കെട്ടിട ഇടപാടുകൾ തുടങ്ങി വക്കീലിന്റെ മുദ്രയില്ലാതെ അമേരിക്കയിൽ ചില്ലറക്കാര്യം പോലും നടത്താനാവില്ല. അതിനൊക്കെ കൊള്ളഫീസും അവരുടെ ലോബി നിശ്ചയിച്ചുറപ്പിച്ചിരിക്കുന്നു. ടയൽ ലോയർ എന്ന പദവിയാണ് പ്രൊഫഷണലുകളിൽ വെച്ച് ഏറ്റവും വരുമാനം ഉണ്ടാക്കുന്നതെന്നു മനസ്സിലാക്കണം. അമേരിക്കയിലൊന്നുറക്കെ തുമ്മിപ്പോയാൽ അയൽക്കാരൻ ശബ്ദമലിനീകരണത്തിന്നെതിരെ കേസ് കൊടുത്തുകളയും. ഒരു തരത്തിൽ പറഞ്ഞാൽ വക്കീലന്മാരും ഇൻഷ്വറൻസുകാരുംകൂടി യു.എസിനെ കുട്ടിച്ചോറാക്കി മാറ്റിയിരിക്കുന്നു.

ഭാഷയുടെ പരിമിതികൾ ഭാരതീയ വക്കീലന്മാരെ കോടതി വരാന്തകളിലൊതുക്കി നിർത്തിയിരിക്കുന്നുവെന്നു പറയുന്നത് അതിശയോക്തിയായിരിക്കില്ല. വ്യാകരണം അത്യുന്നതമാക്കിയാലും ഉച്ചാരണരീതി, ഒന്നാംതലമുറ ഇന്ത്യക്കാരന് അമേരിക്കീകരിക്കുവാൻ കഠിനയത്നം ചെയ്യേണ്ടി വരും. വക്കീൽ പണിക്ക് നാക്കുതന്നെയാണല്ലൊ മുഖ്യ ആയുധവും. വാദമുഖങ്ങൾ വാക്കാലല്ലാതെയുള്ള ടാക്സ് ലൊ തുടങ്ങിയ ശാഖകളിൽ മാത്രം കേന്ദ്രീകരിച്ച് പണിയെടുത്താലും ലക്ഷങ്ങൾ നേടാം.

വിദേശവക്കീലന്മാരുടെ നിത്യവിഹാരരംഗമാണ് ഇമിഗ്രേഷൻ ലൊ പ്രാക്ടീസ് എന്നത്. ഡോക്ടർമാർ മെഡിക്കൽ സർട്ടിഫിക്കറ്റെഴുതുന്ന ശാഖയിൽ മാത്രം പ്രാക്ടീസൊതുക്കുന്നതുപോലെയാണ് സായിപ്പിന് ഇമിഗ്രേഷൻ നിയമരംഗം.

ഇംഗ്ലീഷിൽ പ്രാവീണ്യമില്ലാത്ത വിദേശ വക്കീൽ അമേരിക്കയിലെത്തിയാൽ വലഞ്ഞതുതന്നെ.

വിവാഹമോചന കേസുകളാണ് വക്കീലന്മാരുടെ വേറൊരു സ്വർണഖനി. ഭാരതീയരായ തൈക്കിളവീകിളവന്മാരും ഡൈവേഴ്സ് സുഖം രുചിച്ചു തുടങ്ങിയതിനാൽ ഇന്ത്യൻ വക്കീലന്മാർക്കും അപ്പത്തിന്റെ പങ്ക് സുഭിക്ഷമായി ലഭിക്കുന്നു. ചുരുക്കത്തിൽ വക്കീലന്മാരേ ഇതിലേ ഇതിലേ — അമേരിക്ക നിങ്ങളെ മാടി വിളിക്കുന്നു.

Registered No. KL/CT/53/93. Printed and Published by P.V. Chandran for The Mathrubhumi Print
Mathrubhumi Press, Kozhikode - 673001. Managing Editor: P.V. Chandran